# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 518 — 29/06/2011-ൽ മറുപടിക്ക്

## മെഡിക്കൽ സപ്ലൈ കോർപ്പറേഷൻ വഴിയുള്ള മരുന്ന് വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ വി. ശിവൻകുട്ടി: | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ സപ്ലൈ കോർപ്പറേഷൻ വഴി ഒരു വർഷം എത്ര കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്; | (എ) | ഒരു വർഷം ശരാശരി 126 കോടി രൂപയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നുണ്ട്. |
| (ബി) പ്രസ്തുത മരുന്നുകൾ വാങ്ങുന്നതിന്റെ നടപടി ക്രമങ്ങൾ എന്താണെന്നും, ഏതെല്ലാം ആശുപത്രികളിൽ ഈ മരുന്നുകൾ എത്തിക്കുന്നുണ്ട് എന്നും വ്യക്തമാക്കാമോ? | (ബി) | സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശ അനുസരിച്ച് തയ്യാറാക്കുന്ന അവശ്യമരുന്നുകളുടെയും ചികിത്സാ സാമഗ്രികളുടെയും പട്ടികയിലുള്ള ഐറ്റങ്ങളുടെ വാർഷിക ഇൻഡന്റുകൾ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും ആരോഗ്യവകുപ്പ് ഡയറക്ടറുടെയും കീഴിലുള്ള ആശുപത്രികളിൽ നിന്ന് ശേഖരിച്ച് അവ സംഭരിക്കുന്നതിനുള്ള വാർഷിക ടെൻഡറുകൾ ക്ഷണിച്ചാണ് മരുന്നുകൾ കോർപ്പറേഷൻ സംഭരിക്കുന്നത്. മരുന്ന് നിർമ്മാതാക്കളിൽ നിന്നും വിദേശത്ത് നിന്ന് നേരിട്ട് ഇറക്കുമതി ചെയ്യുന്നവരിൽനിന്നും മാത്രമേ കോർപ്പറേഷൻ മരുന്ന് സംഭരിക്കുന്നുള്ളു. ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുന്നവയും നിയമാനുസൃത ലൈസൻസിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷമെങ്കിലും മരുന്ന് നിർമ്മിച്ച് മാർക്കറ്റിൽ വിതരണം ചെയ്യുന്നുവെന്നും ശിക്ഷണനടപടികൾക്ക് വിധേയമായിട്ടില്ലായെന്നും ടെൻഡറിൽ പറയുന്ന അളവ് നിർമ്മിച്ച് നൽകാൻ കഴിവുള്ളവയാണെന്നുമുള്ള രേഖകൾ ബന്ധപ്പെട്ട |

ഡ്രഗ്സ് കൺട്രോളർ സാക്ഷ്യപ്പെടുത്തുകയും ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ മുൻ മൂന്ന് വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടിന്റെയും ബാലൻസ് ഷീറ്റിന്റെയും ഇൻകംടാക്സ് റിട്ടേണുകളുടെയും രേഖകൾ ഹാജരാക്കണം കൂടാതെ കോർപ്പറേഷൻ നിയമിക്കുന്ന ഒരു വിദഗ്ദ്ധസമിതി പരിശോധിച്ച് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങളിലെ ഷെഡ്യൂൾ എം പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തന്നെയാണ് സ്ഥാപനം മരുന്ന് നിർമ്മാണം നടത്തുന്നതെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ , ഈ സ്ഥാപനത്തെയോ സ്ഥാപനം നിർമ്മിച്ച മരുന്നുകളെയോ കോർപ്പറേഷനോ മറ്റ് സംസ്ഥാനങ്ങളോ ബ്ലാക്ക് ലിസ്റ്റിങ്ങ് പോലുള്ള ശിക്ഷണനടപടികൾക്ക് വിധേയമാക്കിയിട്ടില്ലെന്നും ടെൻഡർ തുറക്കുന്നതിന് മുൻപ് ഉറപ്പാക്കുന്നു.

കോർപ്പറേഷൻ സംഭരിക്കുന്ന ഓരോ ബാച്ച് മരുന്നിന്റെയും സാമ്പിളുകൾ ശേഖരിച്ച് സർക്കാർ അംഗീകൃത ലബോറട്ടറികളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയതിനുശേഷമാണ് ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത്.

ഗുണനിലവാരപരിശോധനയിൽ നിശ്ചിത നിലവാരം ഇല്ലാത്തവയെന്ന് കണ്ടെത്തുന്ന മരുന്നുകൾ നിരസിക്കുകയും അവയുടെ പേമെന്റ് നിഷേധിക്കുകയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ടെൻഡറിൽ പങ്കെടുക്കുന്നതിൽനിന്നും ഒഴിവാക്കുകയും ചെയ്യുന്നു. ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ ആശുപത്രികൾക്കും ആ സ്ഥാപനം സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി തയ്യാറാക്കിയ ഒരു ഷെഡ്യൂൾ പ്രകാരം കോർപ്പറേഷന്റെ ജില്ലാ വെയർ ഹൗസുകളിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നു ഇത് കൂടാതെ അടിയന്തരഘട്ടങ്ങളിൽ കൂടുതൽ മരുന്നുകൾ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ അതും വിതരണം ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ